II ഇ.ബി. XII കേരള നിയമസഭ/IX-3

പന്ത്രണ്ടാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

വാങ്മൂലം നൽകിയ ഉത്തരങ്ങൾ-സംഗ്രഹം

2008 നവംബർ 26 ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

7(*61) ഡിഫ്തീരിയ പ്രതിരോധ വാക്സിന്റെ ദൗർലഭ്യം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ) നൽകിയ മറുപടിയിൽ, ഡിഫ്തീരിയ പ്രതിരോധ വാക്സിന് സർക്കാർ ആശുപത്രികളിൽ ക്ഷാമമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. ദേശീയ രോഗ-പ്രതിരോധ പരിപാടിയുടെ ഭാഗമായി കേന്ദ്ര സർക്കാരാണ് സംസ്ഥാനങ്ങൾക്ക് ആവശ്യമായ വാക്സിൻ നൽകുന്നത്. വാക്സിൻ ഉൽപ്പാദിപ്പിച്ചിരുന്ന പൊതുമേഖലാ യൂണിറ്റുകൾ ബദൽ സംവിധാനം ഏർപ്പെടുത്താതെ അടച്ചുപൂട്ടിയതിനെത്തുടർന്നാണ് ക്ഷാമം തുടങ്ങിയത്. 2008 ഒക്ടോബർ അവസാനം വരെ മലപ്പുറം-14, തൃശൂർ-1, കോഴിക്കോട്-1, തിരുവനന്തപുരം-1 എന്നിങ്ങനെ സംസ്ഥാനത്ത് 17 ഡിഫ്തീരിയ കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇവരിൽ തിരുവനന്തപുരം ജില്ലയിലെ കുട്ടിക്ക് വാക്സിനേഷൻ ഭാഗീകമായി നടത്തിയിട്ടുണ്ട്. മലപ്പുറം-തൃശൂർ ജില്ലകളിലെ കുട്ടികൾക്ക് വാക്സിനേഷൻ നടത്തിയിരുന്നില്ല. പ്രധാനമന്ത്രിക്കും കേന്ദ്ര ആരോഗ്യവകുപ്പുമന്ത്രിക്കും

നിവേദനം നൽകിയതിന്റെ അടിസ്ഥാനത്തിൽ ഒക്ടോബർ മുതൽ വാക്സിൻ ഭാഗീകമായി ലഭിച്ചു തുടങ്ങിയിട്ടുണ്ട്. അടുത്ത 45 ദിവസത്തേയ്ക്കുള്ള വാക്സിൻ ഇപ്പോൾ സ്റ്റോക്കുണ്ട്. ഡബ്ളിയു.എച്ച്.ഒ.-യുടെ ഗൈഡ്‌ലൈനിൽപ്പെട്ട ജി.എം.പി. ഇല്ലാത്തതുകൊണ്ടാണ് പ്രതിരോധ വാക്സിനുകൾ ഉൽപ്പാദിപ്പിച്ചിരുന്ന പൊതുമേഖലാസ്ഥാപനങ്ങൾ അടച്ചുപൂട്ടിയത്. എത്രയും പെട്ടെന്ന് പ്രതിരോധ വാക്സിൻ എത്തിക്കാനാവശ്യമായ നടപടി സ്വീകരിക്കുന്നതാണെന്ന് കേന്ദ്രം സമ്മതിച്ചിട്ടുണ്ട്. സംസ്ഥാനത്തെ കുട്ടികളെ ബാധിക്കുന്ന പ്രശ്നമെന്ന നിലയിൽ സഭയുടെ വികാരം കൂടി കേന്ദ്രത്തെ അറിയിക്കാൻ കഴിയണം. പ്രതിരോധ വാക്സിൻ നിർമ്മാണത്തിനായി പബ്ളിക്- പ്രൈവറ്റ് പാർട്ടിസിപ്പേഷനോടുകൂടി ചെങ്കൽപ്പേട്ടിൽ ഒരു കമ്പനി സ്ഥാപിക്കുന്നതിന് കേന്ദ്രസർക്കാർ നടപടികൾ സ്വീകരിച്ചുവരുന്നതായി അറിയാൻ സാധിച്ചിട്ടുണ്ട്. നാഷണൽ ഫാമിലി ഹെൽത്ത് സർവ്വേ പ്രകാരം 2003-ൽ 75 ശതമാനം ഇമ്മ്യൂണൈസേഷൻ പ്രോഗ്രാം നടപ്പിലാക്കിയിട്ടുണ്ട്. അതിനുശേഷം നടന്ന കവറേജ് ഇവാലുവേഷൻ സർവ്വേ പ്രകാരം 2002-ൽ 85 ശതമാനവും 2006-ൽ 87 ശതമാനവും പ്രതിരോധ വാക്സിൻ എടുത്തിട്ടുണ്ടെന്നാണ് കണക്ക്. സംസ്ഥാനത്തെ വടക്കൻ ജില്ലകളെ അപേക്ഷിച്ച് തെക്ക് ജില്ലകളിൽ പ്രതിരോധകുത്തിവയ്പ്പുകൾ എടുക്കുന്നുണ്ട്. തെറ്റായ രീതിയിലുള്ള പ്രചാരണം നടക്കുന്നതിനാലാണ് വടക്കൻ ജില്ലകളിൽ ഇമ്മ്യൂണൈസേഷൻ പ്രോഗ്രാം പൂർണ്ണമായി നടത്താൻ കഴിയാത്തത്. കുത്തിവയ്പ്പിനെപ്പറ്റിയുള്ള ബോധവൽക്കരണം നൽകേണ്ടതുണ്ട്. അംഗൻവാടികൾ വഴിയും മറ്റുമുള്ള ഫലപ്രദമായ

ബോധൽക്കരണ നടപടികൾ ആരോഗ്യവകുപ്പ് സംഘടിപ്പിക്കുന്നുണ്ട്. യൂണിവേഴ്സൽ പ്രോഗ്രാം എന്നുള്ള നിലയിൽ ഇൻഡ്യയിലെ എല്ലാ കുട്ടികൾക്കും ഈ വാക്സിൻ കൊടുക്കുന്നുണ്ട്. കേന്ദ്ര ഗവണ്മെന്റിന്റെ ഹെൽത്ത് ആന്റ് ഫാമിലി വെൽഫെയർ ഉദ്യോഗസ്ഥർ മാസംതോറും എല്ലാ സ്റ്റേറ്റുകളും സന്ദർശിച്ച് നാഷണൽ റൂറൽ ഹെൽത്ത് മിഷന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച് പരിശോധന നടത്തുന്നുണ്ട്. മലപ്പുറം ജില്ലയിൽ ഡിഫ്തീരിയ കേസ്സുകൾ റിപ്പോർട്ട് ചെയ്തയുടനെ ആവശ്യമായ മരുന്ന് പൂന ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് വാങ്ങി റീജിയണൽ സ്റ്റോറിൽ സൂക്ഷിക്കുകയും അവ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. കുട്ടികൾക്ക് ആന്റി വാക്സിൻ കൊടുക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. എസ്സൻഷ്യൽ ഡ്രഗ് ലിസ്റ്റിൽപ്പെട്ട മരുന്നുകൾ 14 ജില്ലാ സ്റ്റോറുകളിലും ലഭ്യമാണ്. ആദിവാസി മേഖലകളിലും ആവശ്യമായ മരുന്ന് കൊടുക്കുന്നുണ്ട്. മലപ്പുറം, കോഴിക്കോട് മേഖലയ്ക്ക് പ്രത്യേകമായി ഒരു പ്രോജക്ട് തയ്യാറാക്കി പ്രവർത്തനം നടത്തിയതിന്റെ ഭാഗമായി പുരോഗതി ഉണ്ടായിട്ടുണ്ട്. മലപ്പുറം ജില്ലയിൽ ഹെപ്പറ്റൈറ്റിസ് ബി വാക്സിൻ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. കേരളത്തിലെ 16 വയസ്സിന് താഴെയുള്ള ക്യാൻസർ ബാധിതരായ കുട്ടികൾക്ക് ചികിൽസ പൂർണ്ണമായും സൗജന്യമാക്കുന്നതിന്റെ ഭാഗമായി സോഷ്യൽ സെക്യൂരിറ്റി മിഷൻ രൂപീകരിക്കാൻ തീരുമാനമായിട്ടുണ്ട്. ആർ.സി.സി, 5 മെഡിക്കൽ കോളേജുകൾ, എറണാകുളം ജനറൽ ആശുപത്രി, മലബാർ ക്യാൻസർ സെന്റർ, കണ്ണൂരിലെ പരിയാരം മെഡിക്കൽ കോളേജ്, കൊച്ചിൻ കോ-ഓപ്പറേറ്റീവ് മെഡിക്കൽ കോളേജ് എന്നീ സ്ഥാപനങ്ങളിൽ എത്തുന്ന കുട്ടികൾക്ക് നവംബർ 1

മുതൽ മുൻകാലപ്രാബല്യത്തോടെ സൗജന്യ ചികിൽസ നൽകാനാണ് തീരുമാനിച്ചിട്ടുള്ളത്. ഗവണ്മെന്റ് അംഗീകരിച്ച എസ്സൻഷ്യൽ ഡ്രഗ്സ് ലിസ്റ്റിൽപ്പെട്ട മരുന്നുകൾ ബി.പി.എൽ. ഫാമിലിയിൽപ്പെട്ടവർക്ക് ആശുപത്രിയിൽ നിന്ന് നൽകുകയോ ഡിപ്പാർട്ട്മെന്റ് വാങ്ങി കൊടുക്കുകയോ ആണ് ചെയ്യുന്നത്. ആരോഗ്യം, തദ്ദേശസ്വയംഭരണം, തൊഴിൽ എന്നീ വകുപ്പുകൾ യോജിച്ചുകൊണ്ടുള്ള ഒരു ഇൻഷ്വറൻസ് സ്കീം ആലപ്പുഴയിൽ പ്രാവർത്തികമാക്കാൻ നടപടി സ്വീകരിക്കുന്നതാണ്. ഒ.പി.-യിൽ ചികിൽസയ്ക്ക് എത്തുന്ന എല്ലാ ബി.പി.എൽ. കാർഡുടമകൾക്കും സൗജന്യമായി മരുന്നു ലഭ്യമാക്കാൻ നടപടി സ്വീകരിക്കുന്നതാണ്. പേവിഷബാധയ്ക്കുള്ള ആന്റി റാബീസ് വാക്സിൻ ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്ക് സൗജന്യമായി നൽകുന്നുണ്ട്. ഡിഫ്തീരിയ, വില്ലൻചുമ തുടങ്ങിയ രോഗങ്ങൾക്കുള്ള പ്രതിരോധ വാക്സിൻ അംഗൻവാടികൾ മുഖേനയും ആശുപത്രികൾ മുഖേനയും വിതരണം ചെയ്യുന്നതാണ്.

8(*62) <u>സെസ്സുകളെ നിയന്ത്രിക്കുവാൻ നിയമം</u>.

വ്യവസായ വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) നൽകിയ മറുപടിയിൽ, കേന്ദ്ര ഗവണ്മെന്റിന്റെ 2005-ലെ സെസ്സ് ആക്ടിലൂടെയും 2006-ലെ റൂൾസിലൂടെയും 6-10-2008-ന് സംസ്ഥാന സർക്കാർ അംഗീകരിച്ച സെസ്സ് നയത്തിന്റെ അടിസ്ഥാനത്തിലും സംസ്ഥാനത്ത് സ്ഥാപിക്കുന്ന സെസ്സുകളെ നിയന്ത്രിക്കാൻ സാധിക്കുന്നതാണെന്ന് സഭയെ അറിയിച്ചു. സംസ്ഥാന സെസ്സ് നയത്തിന്റെ

അടിസ്ഥാനത്തിലാണ് ഇവിടെ കാര്യങ്ങൾ തീരുമാനിക്കുന്നത്. സെസ്സിനെ മറയാക്കി റിയൽ എസ്റ്റേറ്റ് ബിസിനസ്സ് നടത്താൻ ഗവണ്മെന്റ് അനുവദിക്കുന്നതല്ല. റിയൽ എസ്റ്റേറ്റ് മാഫിയ പ്രവർത്തനങ്ങൾ തടയുന്നതിന് ഒട്ടേറെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; കൂടുതൽ നടപടികൾ സ്വീകരിക്കുന്നതാണ്. സെസ്സ് പദവിയുള്ള പ്രദേശങ്ങളിലെ എല്ലാ സ്ഥാപനങ്ങൾക്കും നിലവിലുള്ള തൊഴിൽ നിയമങ്ങൾ (കേന്ദ്ര തൊഴിൽ നിയമം ഐ.ഡി. ആക്ട് ഉൾപ്പെടെയുള്ള നിയമങ്ങൾ) ബാധകമാണ്. നിക്ഷേപത്തെ സ്വാഗതം ചെയ്യുന്നതിനും തൊഴിലവസരങ്ങൾക്കും വ്യവസായ വളർച്ചയ്ക്കും വേണ്ടി 10 വർഷത്തേയ്ക്ക് നികുതിയിൽ ഇളവ് നൽകുന്ന നയമാണ് ആവിഷ്ക്കരിച്ചിട്ടുള്ളത്. സെസ്സുകൾക്കായി സർക്കാരിന് ലഭിച്ച 21 അപേക്ഷകളിൽ പത്തെണ്ണത്തിനാണ് സംസ്ഥാന ഗവണ്മെന്റ് ശുപാർശ ചെയ്തത്; അനുവദിക്കേണ്ടത് കേന്ദ്ര ഗവണ്മെന്റാണ്. കേന്ദ്രനിയമത്തിലെ പഴുതുകൾ കണ്ടെത്തി തൊഴിൽ താൽപ്പര്യങ്ങൾ സംരക്ഷിക്കാനുതകും വിധത്തിൽ നിയമമുണ്ടാക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്. 70 ശതമാനം വ്യവസായത്തിനും 30 ശതമാനം അനുബന്ധ കാര്യങ്ങൾക്കുമായിട്ടാണ് ഭൂമി ഉപയോഗിക്കുന്നത്. നിലവിലുള്ള സെസ്സ് നിയമം കേരളത്തിലെ എല്ലാ സെസ്സ് സ്ഥാപനങ്ങൾക്കും സ്മാർട്ട് സിറ്റി പദ്ധതിക്കും ബാധകമാണ്.

9(*63) ഹൈക്കോടതി ബഞ്ച്.

നിയമവും പാർലമെന്ററികാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, 1956-ലെ സ്റ്റേറ്റ് റീ

ഓർഗനൈസേഷൻ ആക്ട് പ്രകാരം തലസ്ഥാനത്ത് ഹൈക്കോടതി ബഞ്ച് പുന:സ്ഥാപിക്കുന്നതിനുള്ള എല്ലാ നടപടിക്രമങ്ങളും പൂർത്തീകരിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. 29-9-08-ൽ ചേർന്ന മന്ത്രിസഭായോഗം നിർദ്ദിഷ്ഠ ഹൈക്കോടതി ബഞ്ചിന്റെ ആസ്ഥാനമായി വഞ്ചിയൂരിലെ പഴയ കളക്ടറേറ്റ് മന്ദിരം മാറ്റിവയ്ക്കാൻ തീരുമാനിച്ചു. ബഡ്ജറ്റിൽ 50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കെട്ടിടം പുതുക്കി പണിയുന്നതിനായി പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർക്ക് ഉത്തരവ് നൽകിയിട്ടുണ്ട്. 16-8-06-ലെ സംസ്ഥാന മന്ത്രിസഭായോഗതീരുമാനപ്രകാരം ഹൈക്കോടതി ബഞ്ചിനായി കേരള ഹൈക്കോടതി ചീഫ് ജസ്റ്റീസിനോട് അഭ്യർത്ഥിച്ചുവെങ്കിലും അനുമതി നൽകിയില്ല. മുഖ്യമന്ത്രി, പ്രതിപക്ഷനേതാവ്, നിയമവകുപ്പുമന്ത്രി, തിരുവനന്തപുരം ജില്ലയിൽ നിന്നുള്ള രണ്ട് എം.പി.-മാർ എന്നിവരടങ്ങുന്ന ഒരു ഡെലിഗേഷൻ ഡെൽഹിയിൽ പോയി 1958 വരെ തലസ്ഥാനത്ത് നിലനിന്നിരുന്ന ബഞ്ച് പുന:സ്ഥാപിക്കണമെന്ന് പ്രധാനമന്ത്രിയോടും പ്രസിഡന്റിനോടും ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ തീരുമാനമെടുക്കേണ്ടത് കേന്ദ്ര ഗവണ്മെന്റാണ്.

10 (*64) <u>വിഴിഞ്ഞം പദ്ധതി പശ്ചാത്തലവികസനം.</u>

നിയമവും പാർലമെന്ററികാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, തുറമുഖ വികസനത്തിനായി സർക്കാർ തെരഞ്ഞെടുത്ത കൺസോർഷ്യവുമായി കരാർ ഒപ്പിട്ട് മൂന്നു വർഷത്തിനകം തുറമുഖ നിർമ്മാണത്തിന്റെ ഒന്നാം ഘട്ടം പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നതായി സഭയെ അറിയിച്ചു.

തുറമുഖം പ്രവർത്തനക്ഷമമാക്കുന്നതിന് റോഡ്/റെയിൽ, ജലവിതരണം, വൈദ്യുതി എന്നീ ബാഹ്യ അടിസ്ഥാന സൗകര്യ വികസനമാണ് നടപ്പാക്കേണ്ടത്. തുറമുഖ പ്രദേശത്തെ നിർദ്ദിഷ്ഠ നാഷണൽ ഹൈവേ ബൈപാസ്സുമായി ബന്ധിപ്പിക്കുന്നതിനായി കേന്ദ്രസർക്കാർ സ്ഥാപനമായ 'റൈറ്റ്സി'ന്റെ പഠന റിപ്പോർട്ട് പ്രകാരം തുറമുഖപ്രദേശത്ത് നിന്നും മുല്ലൂർ എലാ വഴി നെട്ടത്താന്നിക്കടുത്ത് നിർദ്ദിഷ്ഠ ബൈപാസ്സിലേയ്ക്ക് ഒരു പുതിയ റോഡും തിരുവനന്തപുരം-നാഗർകോവിൽ റെയിൽവേ ലൈനുമായി ബന്ധിപ്പിക്കുന്നതിനായി പൊരുതൻകുഴിഏലാ, വെങ്ങാനൂർ-മുടിപ്പുരനട, മുടവൂർപ്പാറ വഴി ബാലരാമപുരം-നേമം സ്റ്റേഷനുകൾക്കിടയ്ക്ക് 233/346 കിലോമീറ്ററിൽ ബന്ധിപ്പിക്കുന്ന റെയിൽവേ ലൈനും വികസിപ്പിച്ചെടുക്കേണ്ടതുണ്ട്. ഇത് വിഴിഞ്ഞം പദ്ധതിയിൽ തന്നെ ഉൾപ്പെടുന്നതാണ്. തുറമുഖ പ്രദേശത്ത് വൈദ്യുതി ലഭ്യമാക്കുന്നതിന് സംസ്ഥാന വൈദ്യുതി ബോർഡ് പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. വെള്ളായണി കായൽ ജലസ്രോതസ്സായി ഒരു ജലവിതരണ പദ്ധതി കേരളാ വാട്ടർ അതോറിറ്റി മുഖേന നടപ്പിലാക്കുന്നുണ്ട്. ഇതിനായി വാട്ടർ ട്രീറ്റ്മെന്റ് പ്ളാന്റ് സ്ഥാപിക്കുന്നതിന് 50 സെന്റ് സ്ഥലം വിഴിഞ്ഞത്ത് ഹാർബർ എൻജിനീയറിംഗ് ഡിപ്പാർട്ട്മെന്റ് കേരളാ വാട്ടർ അതോറിറ്റിക്ക് നൽകിക്കഴിഞ്ഞു. പദ്ധതിക്കായുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളിൽ 182 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി. ഉത്തരങ്ങൾ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.)